LIBRARY ARCHIVES Kerala Legislative Assembly

ഐ.ടി.ഐ.-കളുടെ ഗ്രേഡ് ഉയർത്തുന്നതിനുള്ള നടപടികൾ

201 (950) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒന്നാം ഗ്രേഡ് ഐ.ടി.ഐ. ഇല്ലാത്ത ഏക ജില്ലയായ വയനാട്ടിലെ ഏതെങ്കിലും ഐ.ടി.ഐ.-യെ ഒന്നാം ഗ്രേഡ് ആക്കി ഉയർത്തുന്ന കാര്യം പരിഗണിക്കുമോ?

വയനാട് ജില്ലയിലെ കൽപ്പറ്റ ഐ.ടി.ഐ.-യെ ഒന്നാം ഗ്രേഡായി ഉയർത്തുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) സ്വന്തമായി ഭൂമിയോ കെട്ടിടമോ ഇല്ലാത്ത ഏതെങ്കിലും ഐ.ടി.ഐ.-കൾ വയനാട് ജില്ലയിൽ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യം പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉണ്ട്. വയനാട് ജില്ലയിൽ നെന്മേനി (വനിത) ഐ.ടി.ഐ.-ക്ക് കെട്ടിട നിർമ്മാണത്തിനായി ഭൂമി ലഭ്യമായിട്ടില്ല. നെന്മേനി ഐ.ടി.ഐ.-ക്കായി ഗ്രാമ പഞ്ചായത്ത് കണ്ടെത്തിയിരുന്ന സ്ഥലം കെട്ടിട നിർമ്മാണത്തിന് യോഗ്യമല്ലെന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചിരുന്നു. തുടർന്ന് നെന്മേനി പഞ്ചായത്തിൽ ചീരാൻ വില്ലേജിൽ റവന്യൂ വകുപ്പിന്റെ കീഴിൽ സ്ഥലം ലഭ്യമാണെന്ന വിവരം ഗ്രാമപഞ്ചായത്ത് തദ്ദേശ സ്വയംഭരണ വകുപ്പിനെ അറിയിച്ചിട്ടുണ്ട്. കൂടാതെ, ടി ജില്ലയിൽ പ്രവർത്തിക്കുന്ന വെള്ളമുണ്ട ഐ.ടി.ഐ.-ക്ക് കെട്ടിട നിർമ്മാണത്തിന് 1.21 ഏക്കർ ഭൂമി ജനകീയ സമിതി വാങ്ങി നൽകിയിട്ടുണ്ട്. ആയതിൽ കെട്ടിട നിർമ്മാണത്തിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) വയനാട് ജില്ലയിലെ ഐ.ടി.ഐ.-കളിൽ ആദിവാസി/പിന്നാക്ക വിഭാഗങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾക്കായി പുതിയ കോഴ്സുകളും ബാച്ചുകളും ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

ശിപാർശ ലഭ്യമാവുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്.

പെരിങ്ങോം ഐ.ടി.ഐ. കെട്ടിടനിർമ്മാണം

202 (951) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം ഗവൺമെന്റ് ഐ.ടി.ഐ. കെട്ടിടത്തിന്റെ ഒന്നാം നിലയുടെ നിർമ്മാണ പ്രവൃത്തിയുടെ പൂർത്തീകരണത്തിനായി 55 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ടോ?

പ്രസ്തുത നിർമ്മാണ പ്രവൃത്തിയുടെ പൂർത്തീകരണത്തിനായി 51.5 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പിൽനിന്നും ടെയിനിംഗ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത എസ്റ്റിമേറ്റിന് ഭരണാനുമതി നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

പ്രസ്തുത എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമാക്കുന്നമുറയ്ക്ക് ടി വിഷയം പരിശോധിക്കുന്നതാണ്.

പുഴക്കാട്ടിരി ഐ.ടി.ഐ.-യുടെ നിർമ്മാണ പ്രവർത്തനങ്ങൾ

203 (952) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കടയിലെ പുഴക്കാട്ടിരി ഐ.ടി.ഐ.-ക്ക് അനുവദിച്ച സ്ഥലത്ത് നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതുമായി ബന്ധപ്പെട്ട് പി.ഡബ്ല്യു.ഡി.- യോട് അഭിപ്രായം ആരാഞ്ഞിരുന്നോ; പ്രസ്തുത അഭിപ്രായം പരിശോധിച്ച് ഡയറക്ടർ എന്തെല്ലാം തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കുന്നതിന് വകുപ്പ് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

(എ&ബി) പുഴക്കാട്ടിരി ഐ.ടി.ഐ.-ക്ക് അനുവദിച്ച സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതുമായി ബന്ധപ്പെട്ട് പി.ഡബ്ല്യു.ഡി.-യോട് അഭിപ്രായം ആരാഞ്ഞിരുന്നു. ഐ.ടി.ഐ. കെട്ടിട നിർമ്മാണത്തിനായി അനുവദിച്ച സ്ഥലം പാറക്കെട്ടുള്ള ചരിഞ്ഞ പ്രദേശമാകയാൽ ഫൗണ്ടേഷൻ നിർമ്മാണത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കും നിലവിൽ വേണ്ടതിനേക്കാൾ 50 ശതമാനം കൂടുതൽ പണം വേണ്ടി വരുമെന്ന് പൊതുമരാമത്ത് കെട്ടിട ഉപവിഭാഗം അറിയിച്ചിരുന്നു. ആയതിനാൽ പുതിയ സ്ഥലം കണ്ടെത്തുന്നതിനായി ഐ.ടി.ഐ. പ്രിൻസിപ്പാളിനെ നിയോഗിച്ചിട്ടുണ്ട്.

ബോർഡുകളിലും കോർപ്പറേഷനുകളിലും താൽക്കാലിക നിയമനങ്ങൾ

204 (953) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly